**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3448** **08-10-2025 - ൽ മറുപടിയ്ക്ക്**

**പഠന നിലവാരം വിലയിരുത്താൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം വിലയിരുത്താൻ പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ വികാസപ്രദ വിലയിരുത്തലും (Formative assessment) ആത്യന്തിക വിലയിരുത്തലും (Summative assessment) നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. മെയ് മാസത്തിൽ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ച വിദ്യാഭ്യാസ കോൺക്ലേവിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചാണ് സബ്ജക്ട് മിനിമം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. സബ്ജക്ട് മിനിമം പദ്ധതി നടപ്പിലാക്കുന്നതിനും, പൊതുവിദ്യാഭ്യാസ മേഖലയുടെ മൊത്തത്തിലുള്ള ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും മുന്നോടിയായി പൊതുവിദ്യാഭ്യാസ വകുപ്പ് സമഗ്രമായ വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. നിരന്തര മൂല്യനിർണയത്തിൽ തികഞ്ഞ ജാഗ്രത പുലർത്താനും, യഥാർത്ഥ മെരിറ്റ് മാത്രം പരിഗണിക്കാനും പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ ഈ പഠനം കാരണമായി. |
| (സി) | കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഓരോ വിഷയത്തിനും മിനിമം സ്കോർ എന്നത് പഠനനിലവാരം വിലയിരുത്തുന്നതിലെ അടിസ്ഥാനപരമായ മാറ്റമാണ്. ഓരോ വിഷയത്തിനും എഴുത്തുപരീക്ഷയിൽ ഒരു നിശ്ചിത ശതമാനം സ്കോർ (30%) നേടുന്നത് നിർബന്ധമാക്കും. ഒരു കുട്ടി എല്ലാ വിഷയങ്ങളിലും അടിസ്ഥാനപരമായ അറിവും ശേഷിയും നേടി എന്ന് ഉറപ്പാക്കുകയാണ് ലക്ഷ്യം. ആത്യന്തിക വിലയിരുത്തലിനൊപ്പം, വർഷം മുഴുവനുമുള്ള വികാസപ്രദ വിലയിരുത്തലും ശക്തമാക്കും. വികാസപ്രദ വിലയിരുത്തലിൽ തികഞ്ഞ ജാഗ്രത പുലർത്തുന്നതിനും, വിദ്യാർത്ഥികളുടെ യഥാർത്ഥ |

| | | | |
|---|---|---|---|
| | | | മെരിറ്റ് മാത്രം പരിഗണിക്കുന്നതിനുമായി അസസ്മെന്റ് റൂബ്രിക്സ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതിലൂടെ അധ്യാപകരുടെ ആത്മനിഷ്ഠമായ ഇടപെടലുകൾക്കപ്പുറം, കൃത്യമായ അക്കാദമിക വിലയിരുത്തലുകൾ ഉറപ്പാക്കുക എന്നതാണ് ഉദ്ദേശം. വികാസപ്രദ വിലയിരുത്തലിന്റെ ഫലം തത്സമയ പരിഹാരങ്ങൾക്കായി ഉപയോഗിക്കും. പാദവാർഷിക, അർധവാർഷിക, വാർഷിക പരീക്ഷകളിലെ സ്കോറുകൾ വിശകലനം ചെയ്ത് മിനിമം സ്കോർ നേടാത്ത കുട്ടികളെ തിരിച്ചറിഞ്ഞ് അക്കാദമിക പിന്തുണ നല്കുന്നുണ്ട്. പഠന പിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ അധിക പഠന പിന്തുണ ക്ലാസുകൾ നൽകും. മിനിമം സ്കോർ നേടാത്തവർക്ക് പുനഃപരീക്ഷ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനങ്ങളിലൂടെ, ഓരോ വിദ്യാർത്ഥിയുടെയും പഠന നിലവാരം, തുടർച്ചയായി നിരീക്ഷിക്കുകയും, ആവശ്യമായ പിന്തുണ കൃത്യസമയത്ത് നൽകി, എല്ലാവർക്കും ഉയർന്ന അക്കാദമിക നിലവാരം ഉറപ്പാക്കുകയുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ